**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 807** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്ന വിദ്യാഭ്യാസ സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ നൽകിവരുന്ന വിദ്യാഭ്യാസ സേവനങ്ങൾ ചുവടെ ചേർക്കുന്നു: 1. പ്രീ-മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് 2. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം 2,000/- രൂപ നൽകിവരുന്നു. 3. അയ്യൻകാളി ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കീം 4. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS) ഡേ സ്കോളേഴ്സിനു 3,000/- രൂപയും ഹോസ്റ്റലേഴ്സിനു 6,250/- രൂപയും അനുവദിച്ചുവരുന്നു. 5. പോസ്റ്റ് മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ 6. MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനു ധനസഹായമായി 5,800/- രൂപ അനുവദിക്കുന്നു. 7. എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സ് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിനത്തിൽ യഥാക്രമം 5,000/- രൂപയും 10,000/- രൂപയും അനുവദിക്കുന്നു. 8. സർക്കാർ അംഗീകരിച്ച കോഴ്സുകൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം 9. ബുക്ക് ബാങ്ക് പദ്ധതി. 10. ബി.ടെക്-നു പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കായി IHRD നിയന്ത്രണ ത്തിലുള്ള Model Finishing School എന്ന സ്ഥാപനം മുഖേന റെമഡിയൽ ട്യൂഷൻ പദ്ധതി നടത്തി വരുന്നു. 11. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 12 ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ കേന്ദ്രീകരിച്ച് ബി.ടെക്-നു പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് പട്ടികവർഗ്ഗ |

വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ സർക്കാർ നൽകി വരുന്ന വിദ്യാഭ്യാസ സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു. 2. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി - 9,10 ക്ലാസുകളിൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി) 9,10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്ക് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു. 3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു. 4. വിദേശപഠനത്തിനുള്ള ധനസഹായം സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. 5. ഇതരസംസ്ഥാന പഠനം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാന ങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നു. 6. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് 10-ാം ക്ലാസു വരെ സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു. 7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന

| | | | |
|---|---|---|---|
| | | | പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. 8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000/- രൂപയ്ക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000/- രൂപ ധനസഹായം നൽകിവരുന്നു. 9. പട്ടികവർഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം പ്ലസ് ടു സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ പ്ലസ് ടു കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത്, എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടു നിൽക്കുന്ന ഒരു വർഷത്തെ റിപ്പീറ്റിംഗ് കോഴ്സ് എന്നിവ വകുപ്പ് നടത്തുന്നു. 10. ലാപ്ടോപ്പ് വിതരണം ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 11. സാമൂഹ്യപഠനമുറി പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠന സൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി. 12. ഗോത്രബന്ധു പദ്ധതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, പാലക്കാട് ജില്ലകളിലായി 287 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. 13. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് & പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ വകുപ്പിന് കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ